# നൻമ വനിതാ ഹോട്ടൽ ഫറോക്ക്

ഫറോക്ക് മുനിസിപ്പാലിറ്റിയിലെ 5 കുടുംബശ്രീ വനിതകൾ ചേർന്ന് ആരംഭിച്ച സംരംഭമാണ് നൻമ വനിതാ ഹോട്ടൽ. ഫറോക്ക് മുനിസിപ്പാലിറ്റി കെട്ടിടത്തിലാണ് ഈ സംരംഭം പ്രവർത്തിക്കുന്നത്. 2012 ജൂൺ 17 നാണ് ഈ സംരംഭം ആരംഭിച്ചത്. പ്രാരംഭഘട്ടത്തിൽ ഓരോ അംഗവും 10,000 രൂപ വീതം മുതൽ മുടക്കിയാണ് ഈ സംരംഭം ആരംഭിച്ചത്. 1256 രൂപയാണ് നിലവിൽ കെട്ടിട വാടകയായി ഇവർ നൽകി വരുന്നത്. ഇതിനു പുറമേ വൈദ്യുത ചാർജ്ജും ഇവർ തന്നെയാണ് വഹിക്കുന്നത്. മുനിസിപ്പാലിറ്റിയിലേക്ക് വരുന്നവരാണ് ഇവരുടെ പ്രധാന ഉപഭോക്താക്കൾ. സാമ്പത്തികമായി വലിയ നേട്ടമൊന്നും ഇവർക്ക് ലഭിക്കുന്നില്ല. എങ്കിലും പ്രതിമാസം 4000 - 5000 രൂപ ഓരോ അംഗത്തിനും വരുമാനം ലഭിക്കുന്നുണ്ട്. കഫേ പരിശീലനം ഇവർക്ക് ഇതു വരെ ലഭിച്ചിട്ടില്ല. കൂടുതൽ ആളുകളെ കൂട്ടിചേർത്ത് പരിശീലനം പൂർത്തിയാക്കി സംരംഭം വിപുലപ്പെടുത്താൻ ഇവർ ആഗ്രഹിക്കുന്നുണ്ട്. കണക്കുകൾ ഒന്നും തന്നെ എഴുതി സൂക്ഷിക്കാത്തതിനാൽ ഓഡിറ്റ് ഇതു വരെ നടത്തിയിട്ടില്ല.അക്കൗണ്ടിംഗ്,ബുക്ക് കീപ്പിംഗ് എന്നിവയിലിവർക്ക് പരിശീലനം നൽകണം.

പ്രഷിത കെ.വി

സമഗ്ര ബ്ലോക്ക് കോ ഓർഡിനേറ്റർ